"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**<u>സംഗ്രഹം</u>**

പത്തനംതിട്ട ചെറുകുളഞ്ഞി ബഥനി ആശ്രമം ഹൈസ്കൂളിലെ എൽ.പി.എസ്.ടി. ആയ ശ്രീമതി സ്നേഹ പി. സാം-ന്റെ 03/06/2024 മുതലുള്ള നിയമനം അംഗീകരിക്കുന്നതിലേക്കായി മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ വകുപ്പ്**

സ.ഉ.(സാധാ) നം.3858/2026/GEDN തീയതി,തിരുവനന്തപുരം, 09-06-2026

---

പരാമർശം:-
1. മാനേജർ സമർപ്പിച്ച 07.01.2026 തീയതിയിലെ റിവിഷൻ ഹർജി
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 27.02.2026-ലെ ET3/3239/2026/DGE നമ്പർ കത്ത്
3. പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 25.02.2026ലെ DEO/PTA/243/2026-B4 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പത്തനംതിട്ട ചെറുകുളഞ്ഞി ബഥനി ആശ്രമം ഹൈസ്കൂളിലെ എൽ.പി.എസ്.ടി. ആയ ശ്രീമതി സ്നേഹ പി. സാം-ന്റെ 03/06/2024 മുതലുള്ള നിയമനം അംഗീകരിക്കുന്നതിലേക്കായി പത്തനംതിട്ട ചെറുകുളഞ്ഞി ബഥനി ആശ്രമം ഹൈസ്കൂൾ മാനേജർ സമർപ്പിച്ച റിവിഷൻ ഹർജിയിൽ 02/03/2026 തീയതിയിൽ വാദം കേട്ടു.

<u>2. മാനേജരുടെ വാദം:</u>

ചെറുകുളഞ്ഞി ബഥനി ആശ്രമം ഹൈസ്കൂളിൽ എൽ.പി.എസ്.റ്റി. ആയി വിരമിച്ച ശ്രീമതി ഷീജ പി. യുടെ ഒഴിവിൽ എൽ.പി.എസ്.ടി. നിയമനത്തിന് പൂർണ്ണ യോഗ്യതയുള്ള ശ്രീമതി സ്നേഹ പി. സാമിനെ 03/06/2024 മുതൽ എൽ.പി.എസ്.റ്റി. ആയി നിയമനം നടത്തി. നിയമനാംഗീകാരത്തിന് പത്തനംതിട്ട ജില്ല വിദ്യാഭ്യാസ ഓഫീസിൽ സമർപ്പിച്ച പ്രപ്പോസൽ പരിശോധിച്ച് 17/10/2024 തീയതിയിലെ ബി4/746805/2024 നമ്പർ ഉത്തരവിൽ ചുവടെ ചേർക്കുന്ന കാരണങ്ങളാൽ നിയമനാംഗീകാരം നിരസിച്ചു.

1. പ്രൊപ്പോസൽ സമർപ്പിച്ചതിൽ 4 ദിവസത്തെ കാലതാമസം വന്നു.

2. 31/05/2024 തീയതിയിലെ സ്റ്റാഫ് സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടില്ല.

3. പുതുതായി ഉയർത്തപ്പെട്ട സ്കൂളായതിനാൽ നിയമന തീയതിയിൽ സംരക്ഷിതാദ്ധ്യാപകൻ ജോലി ചെയ്യുന്നതു സംബന്ധിച്ച കത്ത് നല്കിയില്ല.

പത്തനംതിട്ട ജില്ല വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവിനെതിരെ പത്തനംതിട്ട വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് സമർപ്പിച്ച അപ്പീൽ പരിശോധിച്ച് ശ്രീമതി സ്നേഹ പി. സാം സർവ്വീസിൽ ചേർന്ന ദിവസം സംരക്ഷിതാദ്ധ്യാപകനായ ശ്രീ.ബിനു എബ്രഹാം സ്കൂളിന്റെ റോളിൽ തുടരുന്നു എങ്കിലും 2022-23, 2023-24 വർഷങ്ങളിൽ അനുവദിച്ച അധിക തസ്തികകളിൽ 1:1 പാലിച്ച് സംരക്ഷിതാദ്ധ്യാപകനെ നിയമിച്ചിട്ടില്ല എന്ന കാരണത്താൽ ശ്രീമതി സ്നേഹ പി. സാം ന്റെ അപ്പീൽ നിരസിച്ചു. അതേ കാരണത്താൽ 30/12/2025 തീയതിയിലെ ഇറ്റി3/837558/2025 നമ്പർ ഉത്തരവ് പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ ജനറൽ റിവിഷൻ ഹർജിയും നിരസിച്ചു.

<u>ചുവടെ ചേർക്കുന്ന കാരണങ്ങളാൽ ശ്രീമതി സ്നേഹ പി. സാം മിനെ 03/06/2024 മുതൽ എൽ.പി.എസ്.റ്റി. ആയി റഗുലർ ശമ്പള സ്കെയിലിൽ അംഗീകരിക്കാവുന്നതാണ്.</u>

1. മാനേജർ സ്വകാര്യ ആവശ്യത്തിനായി ഒരാഴ്ചയോളം എറണാകുളത്ത് തങ്ങേണ്ടതായി വന്നു. അതിനാൽ ശ്രീമതി സ്നേഹ പി. സാം ന്റെ നിയമനാംഗീകാര പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് 4 ദിവസത്തെ കാലതാമസം ഉണ്ടായി. മാനേജരുടെ നിയന്ത്രണത്തിന് അതീതമായി സംഭവിച്ചുപോയ കാലതാമസത്തിൽ ഖേദിക്കുന്നു. കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം XIV A ചട്ടം 8(1) ന്റെ പ്രൊവൈസോ അനുസരിച്ച് ഈ കാലതാമസം വിദ്യാഭ്യാസ ഉപ ഡയറക്ടറും, ഡയറക്ടർ ജനറൽ ഓഫ് എഡ്യൂക്കേഷനും മാപ്പാക്കാത്തതിനാൽ സർക്കാരിന് മാപ്പാക്കാവുന്നതാണ്. ആയതിനാൽ ശ്രീമതി സ്നേഹ പി. സാം ന്റെ നിയമനാംഗീകാര പ്രൊപ്പോസൽ സമർപ്പിച്ചതിലെ 4 ദിവസത്തെ കാലതാമസം മാപ്പാക്കണമെന്ന് അപേക്ഷിക്കുന്നു.

2. ചെറുകുളഞ്ഞി ബഥനി ആശ്രമം ഹൈസ്കൂൾ പുതിയതായി ഉയർത്തപ്പെട്ട വിഭാഗത്തിൽ വരുന്ന സ്കൂളാണ്. പുതിയതായി ഉയർത്തപ്പെട്ട സ്കൂളുകളിലെ പ്രീഅപ്ഗ്രേഡ് വിഭാഗത്തിൽ നിയമനം നടത്തുമ്പോൾ സംരക്ഷിതാദ്ധ്യാപകൻ റോളിൽ തുടരുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതായിട്ടില്ല. പ്രീ അപ്ഗ്രേഡ് വിഭാഗത്തിലെ നിയമനത്തിനും നിയമനാംഗീകാരത്തിനും കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം XXI ചട്ടം 7(3) പ്രകാരം സംരക്ഷിതാദ്ധ്യാപകനെ സ്വീകരിക്കേണ്ടതില്ല. ചെറുകുളഞ്ഞി ബഥനി ആശ്രമം സ്കൂളിന്റെ എൽ.പി. വിഭാഗം പുതിയതായി ആരംഭിച്ചതോ ഉയർത്തപ്പെട്ടതോ ആയ വിഭാഗം അല്ല.

അതിനാൽ എൽ.പി.എസ്.റ്റി. യുടെ റിട്ടയർമെന്റ് വേക്കൻസിയിലെ നിയമനാംഗീകാരത്തിന് സംരക്ഷിതാദ്ധ്യാപകനെ നിയമിച്ചിരിക്കണം എന്ന നിയമം ബാധകമല്ല. എങ്കിൽ പോലും പുതിയതായി അപ്ഗ്രേഡ് ചെയ്ത സ്കൂൾ എന്ന നിലയിൽ ശ്രീ.ബിനു എബ്രഹാം എന്ന സംരക്ഷിതാദ്ധ്യാപകനെ ചെറുകുളഞ്ഞി സ്കൂളിൽ സ്വീകരിച്ച് റോളിൽ തുടർന്നു വരുന്നുണ്ട്.

3. 2022-23 വർഷവും 2023-24 വർഷവും ചെറുകുളഞ്ഞി സ്കൂളിൽ അധിക തസ്തികകൾ അനുവദിച്ചിട്ടുണ്ട്. അധിക തസ്തികയിലെ നിയമനാംഗീകാരം പരിശോധിക്കുമ്പോൾ മാത്രമേ 1:1 പാലിച്ചിട്ടുണ്ടോ എന്നു പരിശോധിക്കേണ്ടതുള്ളൂ. വിരമിക്കൽ ഒഴിവിലെ നിയമനാംഗീകാരത്തിന് അധിക തസ്തികയിൽ 1:1 പ്രകാരം നിയമനം നടത്തിയില്ല എന്ന തടസവാദം നിലനില്ക്കുന്നതല്ല. മാത്രമല്ല എൽ.പി.എസ്.റ്റി. വിഭാഗത്തിൽ ശ്രീമതി സ്നേഹ പി. സാമിനേക്കാൾ സീനിയറായി അധിക തസ്തികയിൽ ആരെയും നിയമിച്ചിട്ടുമില്ല. എൽ.പി.എസ്.റ്റി. കാറ്റഗറിയിൽ സീനിയറായ നിയമനാർത്ഥികൾ നിയമനാംഗീകാരം കാത്തുനില്ക്കുന്നില്ല. ആരും എൽ.പി. വിഭാഗത്തിൽ നിയമിക്കുവാൻ മറ്റ് ചട്ടം 51 എ, 51ബി അവകാശികളും അനദ്ധ്യാപക വിഭാഗത്തിലും എൽ.പി.എസ്.റ്റി. ആയി നിയമനം നടത്തുവാൻ യോഗ്യത നേടിയവർ ആരും ഇല്ല. ശ്രീമതി സ്നേഹ പി. സാമിനെ നിയമിച്ചത് വിരമിക്കൽ തസ്തികയിൽ ആയതിനാൽ 1:1 പാലിച്ച് സംരക്ഷിതാദ്ധ്യാപകരെ നിയമിക്കണമെന്ന തടസവാദം നിലനില്ക്കുന്നതല്ല.

ഈ സ്കൂളിൽ എൽ.പി.എസ്.റ്റി. ആയി തുടർന്നുവരവെ സർക്കാർ സർവ്വീസിൽ ചേരുന്നതിനുവേണ്ടി 03/09/2024 ൽ രാജിവച്ച ശ്രീമതി ആരതി ഗോപിനാഥിന്റെ എൽ.പി.എസ്.റ്റി. തസ്തികയിലെ ഒഴിവ് ഭിന്നശേഷി നിയമനത്തിനായി മാറ്റിവച്ച് ജില്ലാതല സമിതി കൺവീനറായ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമന്വയ മുഖാന്തിരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 31/01/2025 തീയതി പത്തനംതിട്ട ജില്ല വിദ്യാഭ്യാസ ഓഫീസർ ഭിന്നശേഷിക്ക് വേണ്ടി മാറ്റിവച്ച് എൽ.പി.എസ്.റ്റി. തസ്തിക സമന്വയയിൽ കൺഫേം ചെയ്തിട്ടുള്ളതുമാണ്. അതിനാൽ 18/02/2026 തീയതിയിലെ G.O.(MS) No.31/2026/GEDN പ്രകാരം ഭിന്നശേഷിയുമായി ബന്ധപ്പെട്ട സുപ്രീം കോടതിയിൽ നിന്നുണ്ടാകുന്ന ഫൈനൽ വിധിക്ക് വിധേയമായി റഗുലർ ശമ്പള സ്കെയിലിൽ പ്രൊബേഷണറിയായി ശ്രീമതി സ്നേഹ പി. സാമിന് 03/06/2024 മുതൽ ശ്രീമതി ഷീജ പി. യുടെ വിരമിക്കൽ ഒഴിവിൽ എൽ.പി.എസ്.റ്റി. ആയി അംഗീകരിക്കാവുന്നതാണ്. ഇതു സംബന്ധിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശിച്ച പ്രകാരമുള്ള ഡിക്ലറേഷൻ നിയമനാംഗീകാര പ്രൊപ്പോസൽ പുനഃസമർപ്പിക്കുമ്പോൾ ഉൾപ്പെടുത്തി ജില്ല വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കുന്നതാണ്.

4. നിയമനാംഗീകാര പ്രൊപ്പോസൽ പുനഃസമർപ്പിക്കുമ്പോൾ 31/05/2024 ലെ സ്റ്റാഫ്

സ്റ്റേറ്റ്മെന്റ് ഉൾപ്പെടുത്തി സമർപ്പിക്കുന്നതാണ്.

മുകളിൽ വ്യക്തമാക്കിയ വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ റിവിഷൻ ഹർജി അനുവദിച്ച് ശ്രീമതി സ്നേഹ പി. സാം ന്റെ നിയമനാംഗീകാര പ്രൊപ്പോസൽ സമർപ്പിച്ചതിലെ 4 ദിവസത്തെ കാലതാമസം മാപ്പാക്കി 03/06/2024 മുതൽ പ്രൊബേഷനറി എൽ.പി.എസ്.റ്റി. ആയി റഗുലർ ശമ്പള സ്കെയിലിൽ അംഗീകരിക്കുവാൻ പത്തനംതിട്ട ജില്ല വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നല്കണമെന്ന് അപേക്ഷിക്കുന്നു.

<u>3. വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട് ചുവടെപ്പറയും പ്രകാരമാണ്.</u>

ശ്രീമതി സ്നേഹ പി. സാം-നെ 03/06/2024 മുതൽ എൽ.പി.എസ്.റ്റി തസ്തികയിൽ ടി സ്കൂളിലെ എൽ.പി.എസ്.ടി ആയിരുന്ന ശ്രീമതി ഷീജ പി. 31/05/2024-ൽ സേവനത്തിൽ നിന്നും വിരമിച്ച ഒഴിവിൽ നിയമിച്ചു. നിയമന പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് 4 ദിവസത്തെ കാലതാമസം വന്നിട്ടുണ്ട്, 31/05/2024 തീയതിയിലെ സ്റ്റാഫ് സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടില്ല, ടി സ്കൂൾ പുതുതായി ഉയർത്തപ്പെട്ട വിഭാഗത്തിൽപ്പെടുന്നു, നിയമന തീയതിയിൽ സംരക്ഷിതാധ്യാപകൻ ജോലി ചെയ്യുന്നത് സംബന്ധിച്ച കത്ത് സമർപ്പിച്ചിട്ടില്ല എന്നീ കാരണങ്ങളാൽ ടി നിയമനം പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു നൽകി.

ടി ഉത്തരവിനെതിരെ മാനേജർ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപ്പീൽ സമർപ്പിച്ചു. "സ്വകാര്യ ആവശ്യത്തിനായി സ്റ്റേഷനിൽ നിന്നും 19 ദിവസത്തേക്ക് മാറി നിൽക്കേണ്ട സാഹചര്യമുണ്ടായതിനാലാണ് സമയത്തിൽ നിയമന പ്രൊപ്പോസൽ സമർപ്പിക്കുവാൻ 4 ദിവസം വൈകിയതെന്നും, ആയതിനാൽ നിയമനാംഗീകാരം കാലതാമസം മാപ്പാക്കി നൽകണമെന്നുമാണ്" സ്കൂൾ മാനേജരുടെ അപ്പീൽ പ്രകാരം ആവശ്യപ്പെട്ടത്. വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിലെ ബി1 സെക്ഷനിലെ പുനർവിന്യാസം സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ ടി സ്കൂളിൽ പുതുതായി ഉയർത്തപ്പെട്ട സ്കൂൾ എന്ന നിലയിൽ ശ്രീ.ബിനു എബ്രഹാം എന്ന സംരക്ഷിത അദ്ധ്യാപകനെ നിയമിച്ചിട്ടുള്ളതായി കാണുന്നു എന്നും എന്നാൽ ടി സ്കൂളിലെ തസ്തിക നിർണ്ണയ ഉത്തരവുകൾ പരിശോധിച്ചതിൽ 2022-23, 2023-24 വർഷങ്ങളിൽ അധിക തസ്തികകൾ അനുവദിച്ചിട്ടുള്ളതായി കാണുന്നു. ടി തസ്തികകളിൽ കെ.ഇ.ആർ അദ്ധ്യായം 21 ചട്ടം 7(2) പ്രകാരം 1:1 കണക്കിൽ സംരക്ഷിത അധ്യാപകരെ നിയമിക്കേണ്ടതുണ്ട്. അപ്രകാരം സംരക്ഷിത അദ്ധ്യാപകരെ നിയമിച്ചിട്ടുള്ളതായോ നിയമിക്കുന്നതിനായി ഒഴിവ് മാറ്റിവെച്ചിട്ടുള്ളതായോ കാണുന്നില്ല. മേൽ സാഹചര്യത്തിൽ സ്കൂൾ മാനേജരുടെ അപ്പീൽ വിദ്യാഭ്യാസ ഉപഡയറക്ടർ നിരസിച്ച് നൽകി.

മേൽ നിരസിക്കൽ ഉത്തരവുകൾക്കെതിരെ മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക്

റിവിഷൻ അപ്പീൽ സമർപ്പിച്ചു. ശ്രീമതി സ്നേഹ പി. സാം-നെ നിയമിച്ചിരിക്കുന്നത് ഒരു വിരമിക്കൽ ഒഴിവിലാണ്. മതിയായ എണ്ണം കുട്ടികൾ ഉള്ള സ്കൂളിൽ ഉണ്ടാകുന്ന റഗുലർ ഒഴിവിൽ ദിവസവേതന നിയമനം നടത്താൻ നിലവിൽ ഉത്തരവുകളില്ല. ഇത്തരം ഒഴിവുകളിൽ മാനേജർ അധ്യാപകരെ റെഗുലർ ആയി നിയമിക്കുകയും ഭിന്നശേഷി നിയമന വ്യവസ്ഥകൾ പാലിക്കുന്നത് വരെ വിദ്യാഭ്യാസ ഓഫീസർമാർ ദിവസ വേതന അടിസ്ഥാനത്തിൽ അംഗീകരിക്കുകയുമാണ് നിലവിൽ ചെയ്തു വരുന്നത്. നിലവിലെ സർക്കാർ ഉത്തരവുകൾ പ്രകാരം മാനേജർ ഭിന്നശേഷി നിയമന വ്യവസ്ഥകൾ പാലിക്കുന്ന മുറക്ക് ടി നിയമനങ്ങൾ നിയമന തീയതി മുതൽ റെഗുലർ വ്യവസ്ഥയിൽ ക്രമീകരിക്കുകയുമാണ് ചെയ്യേണ്ടത്. 2022-23, 2023-24 വർഷങ്ങളിൽ ചെറുകുളഞ്ഞി ബി.എ.എച്ച്.എസ്. ൽ അധിക തസ്തികകൾ അനുവദിച്ചിട്ടുള്ളതായി കാണുന്നു. ടി തസ്തികകളിൽ കെ.ഇ.ആർ അദ്ധ്യായം 21 ചട്ടം 7(2) പ്രകാരം 1:1 അനുപാതത്തിൽ സംരക്ഷിത അധ്യാപകരെ നിയമിക്കേണ്ടതുണ്ട്. അപ്രകാരം സംരക്ഷിത അദ്ധ്യാപകരെ നിയമിച്ചിട്ടുള്ളതായോ നിയമിക്കുന്നതിനായി ഒഴിവ് മാറ്റി വെച്ചിട്ടുള്ളതായോ കാണുന്നില്ല. കെ.ഇ.ആർ അദ്ധ്യായം 21 ചട്ടം 7(5) പ്രകാരം അതേ ദിവസത്തിലോ തുടർന്ന് വരുന്ന മറ്റേതെങ്കിലും ദിവസത്തിലോ ഉണ്ടാകുന്ന മറ്റു ഒഴിവുകളിൽ മാനേജർമാർ നടത്തുന്ന നിയമനങ്ങൾ സംരക്ഷിത അധ്യാപകർ ജോലിക്ക് ചേരുന്ന തീയതി മുതൽ പ്രാബല്യത്തിൽ മാത്രമേ അംഗീകാരത്തിനായി പരിഗണിക്കുകയുള്ളൂ. മേൽ സാഹചര്യത്തിൽ ചെറുകുളഞ്ഞി, ബി.എ.എച്ച്.എസ്. ലെ ശ്രീമതി സ്നേഹ പി.സാം ന്റെ എൽ.പി.എസ്.ടി തസ്തികയിലെ നിയമനാംഗീകാര റിവിഷൻ ഹർജി നിരസിച്ചുകൊണ്ട് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവ് നൽകി.

മേൽ നിരസിക്കൽ ഉത്തരവുകൾക്കെതിരെയാണ് മാനേജർ സർക്കാരിൽ റിവിഷൻ അപ്പീൽ സമർപ്പിച്ചിട്ടുളത്. ശ്രീമതി സ്നേഹ പി. സാം-നെ നിയമിച്ചിരിക്കുന്നത് വിരമിക്കൽ ഒഴിവിലാണ്. ആയതിനാൽ ഒഴിവ് വ്യവസ്ഥാപിതമാണ്. 2022-23 വർഷം 9 എൽ.പി.എസ്.റ്റി തസ്തികകളാണ് അനുവദിച്ചത്. സർക്കാർ ഉത്തരവ് 95/23/പൊ.വി.വ തീയതി 07/07/23 പ്രകാരം ഒരു അധിക എൽ.പി.എസ്.റ്റി തസ്തിക അനുവദിച്ച് ആകെ 10 തസ്തികകൾ അനുവദിച്ചു. 2023-24 വർഷം ഒരു അധിക എൽ.പി.എസ്.റ്റി തസ്തിക ഉൾപ്പെടെ 11 തസ്തികകൾ അനുവദിച്ചു. 2024-25 വർഷവും ടി തസ്തികകൾ തുടരുന്നു. അധിക തസ്തികകൾ ഒഴിവാക്കിയാലും ശേഷിക്കുന്ന 9 തസ്തികകളിൽ ഒന്നിലാണ് ശ്രീമതി സ്നേഹ പി. സാം ന്റെ നിയമനം. ടിയാളുടെ നിയമനം സമർപ്പിക്കുന്നതിലുള്ള കാലതാമസം മാപ്പാക്കി ലഭിക്കുകയും ആവശ്യമായ രേഖകൾ

മാനേജർ സമർപ്പിക്കുകയും ചെയ്യുന്ന മുറയ്ക്ക് പരിഗണിക്കാവുന്നതാണെന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ ഈ വിഷയം ലഭ്യമായ റിപ്പോർട്ടുകളുടെയും നിലവിലെ ചട്ടങ്ങളുടെയും ഹിയറിംഗിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ശ്രീമതി സ്നേഹ പി. സാമിനെ 03/06/2024 മുതൽ എൽ.പി.എസ്.ടി തസ്തികയിൽ ടി സ്കൂളിലെ എൽ.പി.എസ്.ടി ആയിരുന്ന ശ്രീമതി ശ്രീജ പി. 31/05/2024 തീയതിയിൽ സേവനത്തിൽ നിന്നും വിരമിച്ച ഒഴിവിൽ നിയമിച്ചു. നിയമന പ്രപ്പോസൽ സമർപ്പിക്കുന്നതിന് 4 ദിവസത്തെ കാലതാമസം ഉണ്ടായി, 31/05/2024 തീയതിയിലെ സ്റ്റാഫ് സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടില്ല, ടി സ്കൂൾ പുതുതായി ഉയർത്തപ്പെട്ട വിഭാഗത്തിൽപ്പെടുന്നു, നിയമന തീയതിയിൽ സംരക്ഷിതാദ്ധ്യാപകൻ ജോലി ചെയ്യുന്നത് സംബന്ധിച്ച കത്ത് സമർപ്പിച്ചിട്ടില്ല എന്നീ കാരണങ്ങളാൽ ആണ് ടി നിയമനം ഇപ്പോൾ നിരസിക്കപ്പെട്ടിട്ടുള്ളത്.

5. രണ്ട് അധിക തസ്തികകൾ ഒഴിവാക്കിയാലും ശേഷിക്കുന്ന ഒമ്പത് തസ്തികളിൽ ഒരു വിരമിക്കൽ ഒഴിവിലാണ് ശ്രീമതി സ്നേഹ പി. സാം നെ നിയമിച്ചിരിക്കുന്നത് എന്നതിനാൽ ഒഴിവ് വ്യവസ്ഥാപിതമാണ്. സ്വകാര്യ ആവശ്യത്തിനായി സ്റ്റേഷനിൽ നിന്ന് 19 ദിവസത്തേക്ക് മാറി നിൽക്കേണ്ട സാഹചര്യം ഉണ്ടായതിനാൽ ആണ് സമന്വയയിൽ നിയമന പ്രൊപ്പോസൽ സമർപ്പിക്കാൻ നാലു ദിവസം വൈകിയതെന്നും ആയതിനാൽ മാപ്പാക്കി നൽകണമെന്നും മാനേജർ അറിയിച്ചിട്ടുണ്ട്. കാലതാമസം മാപ്പാക്കി അപേക്ഷ പുനഃസമർപ്പിക്കുമ്പോൾ സ്റ്റാഫ് സ്റ്റേറ്റ്മെന്റ് ഉൾപ്പെടെ ആവശ്യപ്പെട്ടിട്ടുള്ള രേഖകൾ സമർപ്പിക്കാൻ തയ്യാറാണെന്ന് ഹർജിക്കാരൻ അറിയിച്ചിട്ടുണ്ട്.

6. കെ.ഇ.ആർ. അധ്യായം XXI ചട്ടം 7(1), 7(2), 7(3)(a), 7(3)(b), 7(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സംരക്ഷിതാധ്യാപകരുടെ നിയമനത്തിനായി സർക്കാരിലേക്ക് വിട്ടു നൽകേണ്ട തസ്തികകളിൽ മാനേജർമാർ അധ്യാപക ബാങ്കിൽ നിന്നല്ലാതെ നിയമനം നടത്തുവാൻ പാടില്ലാത്തതാണ്. ചട്ടപ്രകാരം സംരക്ഷിതാധ്യാപകരുടെ നിയമനത്തിനായി മാനേജർ ഒഴിവ് മാറ്റിവക്കുകയും, പ്രസ്തുത ഒഴിവുണ്ടായ തീയതിയിലോ അതിനു ശേഷമോ ഉണ്ടാകുന്ന മറ്റ് റഗുലർ ഒഴിവുകളിൽ മാനേജർ പുതിയ നിയമനം നടത്തുകയും ചെയ്താൽ അപ്രകാരം നിയമനം ലഭിക്കുന്നവർക്ക് സംരക്ഷിതാധ്യാപകർ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ മാത്രമേ നിയമനാംഗീകാരം നൽകാവൂ എന്ന് ചട്ടം 7(5) ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി ചട്ടങ്ങൾ പ്രകാരം സംരക്ഷിതാധ്യാപകരെ നിയമിക്കുന്നതിനായി മാനേജർ നിയമനസ്പതം

തസ്തിക മാറ്റി വച്ചിട്ടും, സംരക്ഷിതാധ്യാപകരെ ലഭിക്കാത്തതിനാൽ മറ്റ് റഗുലർ തസ്തികകളിൽ നിയമനം ലഭിച്ചവർക്ക് ചട്ടം 7(5) ലെ വ്യവസ്ഥ പാലിക്കപ്പെടാത്തതിനാൽ നിയമനാംഗീകാരം നൽകാൻ സാധിക്കാത്ത അവസ്ഥ പരിഹരിക്കുന്നതിനായി 18/07/2023 തീയതിയിലെ സ.ഉ.(കൈ)നം.101/2023/പൊ.വി.വ. ഉത്തരവ് പ്രകാരം സർക്കാർ ഇളവ് നൽകിയിട്ടുമുണ്ട്. ടി ഉത്തരവ് പ്രകാരം, അധിക തസ്തിക അനുവദിച്ച് സർക്കാർ തലത്തിൽ ഉത്തരവാകുന്ന ഘട്ടത്തിൽ തന്നെ സംരക്ഷിതാധ്യാപകരെ നിയമിക്കുന്നതിനായി ചട്ടം പാലിച്ച് സർക്കാരിലേക്ക് തസ്തിക വിട്ടു നൽകുകയും, പ്രസ്തുത ഒഴിവുണ്ടായ തീയതിയിലോ അതിനു ശേഷമോ ഉണ്ടാകുന്ന മറ്റ് റഗുലർ ഒഴിവുകളിൽ മാനേജർ നടത്തിയ നിയമനങ്ങളാണ് നിയമന തീയതി മുതൽ തന്നെ അംഗീകരിക്കാവുന്നത്.

7. ഈ കേസിൽ, ശ്രീമതി സ്നേഹ പി. സാം നെ നിയമിച്ചിരിക്കുന്നത് വിരമിക്കൽ ഒഴിവിലാണെന്നും, ടി ഒഴിവ് വ്യവസ്ഥാപിതമാണെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ടി സ്കൂൾ മാനേജ്മെന്റ് കെ.ഇ.ആർ. അധ്യായം XXI ചട്ടം 7(2) പാലിക്കാത്തത് മാത്രമാണ് ചട്ടം 7(5) പ്രകാരം ടിയാളുടെ നിയമനാംഗീകാരത്തിന് തടസ്സമെന്നാണ് കാണുന്നത്.

8. മേൽ സാഹചര്യത്തിൽ കെ.ഇ.ആർ. അധ്യായം XXI ചട്ടം 7(3)(a) പ്രകാരം നിയമിക്കപ്പെട്ട അധ്യാപകൻ സ്കൂളിൽ തുടർന്നു വരുന്നുണ്ട് എന്ന് ഉറപ്പ് വരുത്തി, ചട്ടം 7(2) ലെ വ്യവസ്ഥകൾ മാനേജ്മെന്റ് പാലിക്കുന്ന മുറക്ക്, ടി തീയതി മുതൽ, അപ്രകാരം പുതുക്കിയ പ്രൊപ്പോസൽ മാനേജർ സമർപ്പിക്കുന്ന മുറക്ക്, പ്രൊപ്പോസൽ സമർപ്പിക്കുന്നതിൽ വന്ന കാലതാമസം മാപ്പാക്കി, മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ, ശ്രീമതി സ്നേഹ പി. സാം ന്റെ നിയമനം അംഗീകരിക്കുവാൻ വിദ്യാഭ്യാസ അധികാരികൾക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

9. മേൽ പ്രകാരം പത്തനംതിട്ട ചെറുകുളഞ്ഞി ബഥനി ആശ്രമം ഹൈസ്കൂൾ മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

M RATHEESH

അണ്ടർ സെക്രട്ടറി

മാനേജർ, ബഥനി ആശ്രമം ഹൈസ്കൂൾ ചെറുകുളഞ്ഞി, പത്തനംതിട്ട
ശ്രീമതി സ്നേഹ പി. സാം, ബഥനി ആശ്രമം ഹൈസ്കൂൾ ചെറുകുളഞ്ഞി, പത്തനംതിട്ട
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവനന്തപുരം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പത്തനംതിട്ട
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Abeeja Raj B
Date: 09-06-2026 14:19:00
സെക്ഷൻ ഓഫീസർ